പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3761 — 14.03.2017 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം നിയന്ത്രിക്കാൻ വിപണിയിടപെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്താൻ വിപണിയിൽ കൂടുതൽ ഇടപെടൽ നടത്താനായി സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നേരിടാൻ സപ്ലൈകോ മുഖേന ശക്തമായ വിപണിയിടപെടൽ പദ്ധതി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ പത്ത് മുതൽ ഇരുപത് ശതമാനം വരെ വില കുറച്ച് ഫ്രീ സെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാന്റായ ശബരി ബ്രാന്റിൽ പൊതു വിപണി വിലയേക്കാൾ ഏകദേശം ഇരുപത് മുതൽ മുപ്പത് ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരിയിനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്. |
| (ബി) ഉൽപ്പാദന മേഖലയിൽ നിന്നുതന്നെ പഴം, പച്ചക്കറി മറ്റു നിത്യോപയോഗ സാധനങ്ങൾ എന്നിവ സംഭരിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുമോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ